പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.114

08.06.2015 ന് മറുപടി നൽകേണ്ടിയിരുന്നത്.

## ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ<br>,, സി.പി.മുഹമ്മദ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് സ്കൂൾ കോളേജ് തലത്തിൽ എത്ര ലഹരി വിരുദ്ധ ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം സ്കൂൾതലങ്ങളിൽ ഇതിനോടകം 1467 ലഹരി വിരുദ്ധ ക്ലബ്ബും, കോളേജുതലങ്ങളിൽ 194 ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. ടി ക്ലബ്ബുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ക്ലാസ്സുകൾ ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ നടത്തി വരുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ സ്കൂൾ കോളേജ് തലങ്ങളിൽ നടത്തിയ ലഹരിവിരുദ്ധ ക്ലാസുകളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| നം. | ജില്ല | സ്കൂൾ തലത്തിൽ | കോളേജ് തലത്തിൽ |
|---|---|---|---|
| 1 | തിരുവനന്തപുരം | 444 | 87 |
| 2 | കൊല്ലം | 558 | 66 |
| 3 | പത്തനംതിട്ട | 654 | 6 |
| 4 | ആലപ്പുഴ | 696 | 63 |
| 5 | കോട്ടയം | 888 | 36 |
| 6 | ഇടുക്കി | 690 | 51 |
| 7 | എറണാകുളം | 708 | 42 |
| 8 | തൃശ്ശൂർ | 834 | 54 |
| 9 | പാലക്കാട് | 618 | 33. |
| 10 | മലപ്പുറം | 702 | 15 |
| 11 | കോഴിക്കോട് | 588 | 39 |
| 12 | വയനാട് | 414 | 12 |
| 13 | കണ്ണൂർ | 654 | 51 |
| 14 | കാസർഗോഡ് | 354 | 27 |
| ആകെ | | **8802** | **582** |

<table>
<tr>
<td>(ബി)</td>
<td>സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരി വിരുദ്ധപാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;</td>
<td>(ബി)</td>
<td>സ്കൂൾതലങ്ങളിൽ പാഠ്യവിഷയത്തിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ ആശയങ്ങൾ അടങ്ങിയ പാഠഭാഗം ഉൾക്കൊള്ളിക്കുന്നതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി-യുടെ ശുപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 7, 8 ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യായന വർഷത്തിൽ 9,10 ക്ലാസ്സുകളിലും ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും, ഹയർ സെക്കണ്ടറി ഫസ്റ്റ് ഇയർ ഹോം സയൻസിലും ലഹരിവിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(സി)</td>
<td>ഈ സർക്കാർ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു;</td>
<td>(സി)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>നം</th><th>സാമ്പത്തിക വർഷം</th><th>അനുവദിച്ച തുക</th><th>ചെലവഴിച്ച തുക</th></tr>
<tr><td>1</td><td>2011-12</td><td>1,20,00,000</td><td>1,19,27,247</td></tr>
<tr><td>2</td><td>2012-13</td><td>90,00,000</td><td>89,41,085</td></tr>
<tr><td>3</td><td>2013-14</td><td>75,20,000</td><td>73,38,852</td></tr>
<tr><td>4</td><td>2014-15</td><td>60,00,000</td><td>60,00,000</td></tr>
<tr><td></td><td>ആകെ</td><td>3,45,20,000</td><td>3,42,07,184</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ എത്ര ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; ഇതിനായി ആകെ എത്ര തുക അനുവദിച്ചു; വ്യക്തമാക്കുമോ ?</td>
<td>(ഡി)</td>
<td>സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നീക്കിവെച്ചിട്ടുള്ള 3.5 കോടി രൂപയിൽ നിന്നും സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന പതിനൊന്ന് ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.11 സ്ഥാപനങ്ങൾക്കായി മൊത്തം 1,00,35,840/-രൂപ അനുവദിച്ചതിൽ 62,91,072/- രൂപ വിതരണം ചെയ്തിട്ടുണ്ട്.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**